പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5348 15.11.2019-ലെ മറുപടിക്ക്

## വിദ്യാർത്ഥികൾക്കുള്ള യാത്രാസൗജന്യം

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക്, ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക്, യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്.<br>കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്ര സൗജന്യം അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. സ്ഥാപനമേധാവികളുടെ അപേക്ഷയും സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച് തനത് വർഷത്തെ അഫിലിയേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നു. സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾക്ക്, സ്കൂൾ അധികൃതർ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇയുടെ കേന്ദ്ര ഓഫീസിൽ നിന്നുള്ള തനത് വർഷത്തെ അംഗീകാരപത്രം ഹാജരാക്കുന്ന മുറയ്ക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. |
| (സി) | സർക്കാർ സ്ഥാപനങ്ങളിലും, സ്വകാര്യസ്ഥാപനങ്ങളിലും പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | (see table below) |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 134111 |
| 2 | കൊല്ലം | 64778 |
| 3 | പത്തനംതിട്ട | 14192 |
| 4 | ആലപ്പുഴ | 14548 |
| 5 | കോട്ടയം | 7796 |
| 6 | ഇടുക്കി | 1995 |
| 7 | എറണാകുളം | 13298 |
| 8 | തൃശ്ശൂർ | 6279 |
| 9 | കോഴിക്കോട് | 2486 |

| | | |
|---|---|---|
| 10 | കണ്ണൂർ | 2470 |
| 11 | കാസർഗോഡ് | 2887 |
| 12 | പാലക്കാട് | 1176 |
| 13 | വയനാട് | 3461 |
| 14 | മലപ്പുറം | 1172 |

(ഡി) ഈ അധ്യയനവർഷം എത്ര വിദ്യാർത്ഥികളിൽ നിന്ന് യാത്രസൗജന്യത്തിന് അപേക്ഷകൾ കിട്ടിയെന്നും അതിൽ എത്ര പേർക്ക് അനുവദിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി)

| ക്രമ നം | ജില്ല | അപേക്ഷ ലഭിച്ചത് | കാർഡ് അനുവദിച്ചത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 102002 | 101975 |
| 2 | കൊല്ലം | 31149 | 31035 |
| 3 | പത്തനംതിട്ട | 7460 | 7442 |
| 4 | ആലപ്പുഴ | 14548 | 14548 |
| 5 | കോട്ടയം | 7938 | 7796 |
| 6 | ഇടുക്കി | 2026 | 1995 |
| 7 | എറണാകുളം | 13304 | 13298 |
| 8 | തൃശ്ശൂർ | 6457 | 6279 |
| 9 | കോഴിക്കോട് | 2605 | 2605 |
| 10 | മലപ്പുറം | 1172 | 1172 |
| 11 | കണ്ണൂർ | 2390 | 2329 |
| 12 | കാസർഗോഡ് | 2887 | 2887 |
| 13 | വയനാട് | 3741 | 3741 |
| 14 | പാലക്കാട് | 1176 | 1176 |

(ഇ) യാത്രാസൗജന്യം അനുവദിക്കുമ്പോൾ സർക്കാരിന് സഹിക്കേണ്ടി വരുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ?

(ഇ) വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 2018-19 വർഷത്തിൽ 124,26,79,934/- രൂപ ബാധ്യത കണക്കാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം



നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5348 (എ) പിരിവിന്റെ അനുബന്ധം.

1. സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന ഒരു വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള മുഴുവൻ സമയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചീഫ് ഓഫീസ് ഉത്തരവില്ലാതെ തന്നെ യൂണിറ്റുകളിൽ നിന്നും എല്ലാ വർഷവും യാത്രാ സൗജന്യം അനുവദിക്കാവുന്നതാണ്. (എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവ നേരിട്ട് നടത്തുന്ന സ്വാശ്രയ കോഴ്സുകൾക്ക് ചീഫ് ഓഫീസ് അനുമതി ആവശ്യമാണ്.

2. പാർട്ട് ടൈം/ഷോർട്ട് ടൈം കോഴ്സുകൾ, PGDCA, Data Entry, DTP, Animation, Multimedia, Front Office Assistant തുടങ്ങിയ കമ്പ്യൂട്ടർ കോഴ്സുകൾ, വിദൂര വിദ്യാഭ്യാസം, ഹിന്ദി പ്രചാരകൻമാർ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നീ വിഭാഗങ്ങളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുവാൻ പാടില്ല.

3. പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുമ്പോൾ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥിയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ, ആദ്യ വർഷത്തെ ഹാൾ ടിക്കറ്റ് (first year hall ticket), ഐ.ഡി കാർഡ്, കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്ഥാപനത്തിന് കൺസഷൻ അനുവദിച്ചുകൊണ്ടുള്ള ചീഫ് ഓഫീസിൽ നിന്നുള്ള ഉത്തരവ് ലഭിച്ചതിന് ശേഷം മാത്രമേ കൺസഷൻ അനുവദിക്കാവൂ. സ്റ്റേ സിലബസ് പിൻതുടരുന്ന സ്കൂളുകൾക്ക് മുൻ വർഷങ്ങളിൽ കൺസഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ചീഫ് ഓഫീസ് അനുമതിയില്ലാതെ തന്നെ കൺസഷൻ അനുവദിക്കാവുന്നതാണ്.

5. അന്യസംസ്ഥാന യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുവാൻ പാടില്ല.

6. പഠനത്തോടൊപ്പം മറ്റേതെങ്കിലും തൊഴിലിലോ, വ്യാപാരത്തിലോ ഏർപ്പെട്ടിരിക്കുന്ന വർക്ക് കൺസഷൻ അനുവദിക്കുവാൻ പാടില്ല.

7. അൺ എയ്ഡഡ്/ക്രാഷ്/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ചീഫ് ഓഫീസ് ഉത്തരവില്ലാതെ കൺസഷൻ അനുവദിക്കാൻ പാടില്ല.

8. M-Tech, M-Phil തുടങ്ങി സ്റ്റൈപൻറ് ലഭ്യമാകുന്ന കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയിൽ നിന്നും സ്റ്റൈപെൻറ് വാങ്ങുന്നില്ലെന്ന സർട്ടിഫിക്കറ്റ് രേഖാമൂലം വാങ്ങിയ ശേഷമേ കൺസഷൻ അനുവദിക്കുവാൻ പാടുള്ളൂ. PHD/Research വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുവാൻ പാടില്ല.

9. കോഴ്സ് തുടങ്ങി രണ്ട് മാസത്തിനുശേഷം വരുന്ന പുതിയതായി കൺസഷൻ എടുക്കുവാനും, നിലവിലെ കൺസഷൻ കാർഡുകൾ പുതുക്കുവാനും ഉള്ള അപേക്ഷകൾക്ക് ചീഫ് ഓഫീസ് അനുമതി ആവശ്യമാണ്.

10. പ്ലസ് ടൂ വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ കോഴ്സ് തുടങ്ങി രണ്ട് മാസത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യൂണിറ്റധികാരികൾ പരിശോധിച്ച് അനുമതി നൽകാവുന്നതാണ്.

11. കോഴ്സ് തുടങ്ങി രണ്ട് മാസത്തിനുശേഷം പ്ലസ് ടൂ-ന് മുകളിലോട്ടുള്ള വിദ്യാർത്ഥികൾ ചീഫ് ഓഫീസിലേയ്ക്ക് നേരിട്ട് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം ഐ.ഡി കാർഡ് (മേൽവിലാസം ഉൾപ്പടെ), കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സമർപ്പിക്കണം. നിലവിലെ കൺസഷൻ കാർഡുകൾ പുതുക്കുവാൻ അപേക്ഷ നൽകുന്നവർ മേൽ പറഞ്ഞവയോടൊപ്പം പ്രസ്തുത കാർഡുകളുടെ പകർപ്പുകളും ഉൾക്കൊള്ളിക്കണം.

12. കൺസഷൻ ടിക്കറ്റിൻെറ ദൂരപരിധി 40 കിലോമീറ്റർ ആണ്. വിദ്യാർത്ഥിയുടെ താമസസ്ഥലത്ത് നിന്നും ഏറ്റവും കുറഞ്ഞ റൂട്ടിലൂടെ വിദ്യാഭ്യാസ സ്ഥാപനം വരെ മാത്രമേ കൺസഷൻ അനുവദിക്കുവാൻ പാടുള്ളൂ. മേൽവിലാസം തെളിയിക്കുന്നതിന് പഠിക്കുന്ന സ്ഥാപന മേലധികാരി നൽകുന്ന ഐ.ഡി കാർഡ് ഹാജരാക്കേണ്ടതാണ്. 40 കി.മീറ്ററിന് മുകളിൽ കൺസഷൻ ടിക്കറ്റ് ആവശ്യമായി വരുന്ന പക്ഷം ടി വിദ്യാർത്ഥിയ്ക്ക് സർക്കാർ

മെറിറ്റിലാണ് അഡ്മിഷൻ കിട്ടിയതെന്നും, പാഠ്യവിഷയവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം ടി വിദ്യാർത്ഥിയുടെ യഥാർത്ഥ വാസസ്ഥലത്ത് നിന്നും 40 കിലോമീറ്റർ ദൂരപരിധിയിൽ ഇല്ലായെന്നുള്ള പഠിക്കുന്ന സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ഓഫീസ് ഉത്തരവിന് വിധേയമായി മാത്രമേ കൺസഷൻ അനുവദിക്കുവാൻ പാടുള്ളൂ.

13. സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ചീഫ് ആഫീസിൽ നിന്നും തനത് വർഷം നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൺസഷൻ അനുവദിക്കുവാൻ പാടുള്ളൂ.

14. ITI/D.Ed/FDGT കോഴ്സുകൾ നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് തനത് വർഷം ചീഫ് ഓഫീസ് ഉത്തരവിനോടൊപ്പം അയയ്ക്കുന്ന പട്ടികയിൽ പേര് ഉൾപ്പെട്ടുതായിട്ടുണ്ടെങ്കിൽ മാത്രമേ കോഴ്സ് കാലയളവിൽ കൺസഷൻ അനുവദിക്കാവൂ.

15. കൺസഷൻ ടിക്കറ്റിന് അപേക്ഷിക്കുമ്പോൾ തൊട്ട് മുൻവർഷത്തെ പഴയ കൺസഷൻ വിദ്യാർത്ഥികളിൽ നിന്നും തിരികെ വാങ്ങേണ്ടതും, ലഭ്യമാക്കാത്ത പക്ഷം നിയമാനുസൃതമായ പിഴ ഈടാക്കി പുതിയവ നൽകേണ്ടതുമാണ്.

16. HDC/JDC/LLB/MBA തുടങ്ങിയ കോഴ്സുകളിൽ സർവ്വീസ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് യാതൊരു കാരണവശാലും കൺസഷൻ അനുവദിക്കുവാൻ പാടില്ല. ഇത്തരം കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുമ്പോൾ ടി വിദ്യാർത്ഥിയ്ക്ക് മെരിറ്റ് സീറ്റിലാണ് അഡ്മിഷൻ ലഭിച്ചിട്ടുള്ളതെന്നും, മറ്റ് സ്റ്റൈപെന്റുകൾ / അലവൻസുകൾ/ശമ്പളം മുതലായവ ഒന്നും തന്നെ ലഭ്യമാകുന്നില്ലായെന്ന് സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.